VI. ക്രമപ്രശ്നം

ഭേദഗതിയുടെ വ്യക്തത സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ്: സർ, നമ്മുടെ നടപടി ചട്ടങ്ങളിൽ റൂൾ 73-ൽ പറയുന്നത് 'A Bill involving expenditure shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law.' എന്നാണ്. ഇവിടെ അതനുസരിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ ചിലത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഒരു അമെന്റ്മെന്റ് ഞങ്ങൾക്ക് കിട്ടി. ബില്ലിന്റെ അവതരണ ദവളയിലോ സെലക്ട് കമ്മിറ്റി ചർച്ച ചെയ്ത വേളയിലോ ഒന്നും നിർദ്ദേശിക്കാത്ത ഒരു അമെന്റ്മെന്റ് ഇന്നലെ സർക്കുലേറ്റ് ചെയ്തു. അതിൽ പറയുന്നത് "വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ഒരു വ്യക്തിയുടെ പരിശീലന കാലയളവ് നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്." ഞാൻ അതിനോട് യോജിക്കുകയാണ്. പക്ഷേ അങ്ങനെ പരിഗണിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയെപ്പറ്റി യാതൊന്നും പറയുന്നില്ല. കേരളത്തിലെ പോലീസ് സേനയുടെ മുഴുവൻ ട്രെയിനിംഗ് പീരീഡും ഡ്യൂട്ടിയായി കൺവെർട്ട് ചെയ്യാൻ പോകുകയാണ്. നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർമാർക്ക് ഇത് ബാധകമാണോ; പെൻഷൻ പറ്റിയവർക്ക് ബാധകമാണോ; അതോ പുതുതായി സർവ്വീസിൽ വരാൻ പോകുന്ന ഉദ്യോഗാർത്ഥികൾക്കാണോ ബാധകം എന്നതു സംബന്ധിച്ച് മന്ത്രി മറുപടി പറയണം. രണ്ടാമത്തെ കാര്യം അങ്ങനെയാണെങ്കിൽ തന്നെ ഈ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ആൾട്ടറേഷൻ വേണ്ടതായിരുന്നു. ഇത് ഡ്യൂട്ടിയായി പരിഗണിക്കപ്പെടുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയെപ്പറ്റി യാതൊരു സൂചനയും നൽകിയിട്ടില്ല. അങ്ങനെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്താതെ അധിക സാമ്പത്തിക ബാധ്യത വകുപ്പ് അവതരിപ്പിക്കുന്നത് ഓർഡറിലല്ല. അതിന് അങ്ങയുടെ റൂളിംഗ് വേണം.

9.00 A.M]

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇതു സംബന്ധിച്ച് വളരെ നേരത്തെ വന്ന ഒരു കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുറേ പേർക്ക് ആനുകൂല്യം ലഭിക്കുകയും പിന്നീട് വളരെ കൂടുതൽ പേർ കോടതിയിലേക്ക് പോവുകയും ചെയ്തതിനെത്തുടർന്ന് ഒരു പ്രത്യേക സാഹചര്യം പോലീസ് ഡിപ്പാർട്ടുമെന്റിൽ തന്നെയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ വിധി വച്ചുകൊണ്ട്, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, റിട്ടയർ ചെയ്ത ആളുകൾക്കുകൂടി കൊടുക്കുമ്പോൾ വളരെ കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന ഒരു സ്ഥിതി വിശേഷം വന്നപ്പോൾ, അങ്ങനെ കൊടുക്കാൻ കഴിയില്ലായെന്ന് പറഞ്ഞുകൊണ്ട് സർക്കാർ ഒരു തീരുമാനമെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഭാവിയിൽ ഉണ്ടാകുന്ന ആളുകൾക്ക് കൊടുക്കാൻ ഒരു പ്രൊവിഷൻ ഇതിന്റെ റൂൾസിൽ കൊണ്ടുവരാൻ കഴിയണം. അതുകൊണ്ടാണ് നിർണ്ണയിക്കപ്പെടുന്ന പ്രകാരം എന്നുപറഞ്ഞുകൊണ്ട് റൂൾസിൽ കൊണ്ടുവരാൻ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആ സമയത്ത് ഇതിന്റെ മറ്റുകാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് പുതിയ സാമ്പത്തിക ബാധ്യതയൊന്നും ഇപ്പോൾ ഉണ്ടാകുന്നില്ല. റിട്ടയർ ചെയ്ത ആളുകൾക്കോ നിലവിലുള്ള ആളുകൾക്കോ ഇത് ബാധകമല്ല. ഭാവിയിൽ വേണമെങ്കിൽ ഗവൺമെന്റിന് ചെയ്യാൻ റൂൾസിൽ ഒരു അമെന്റ്മെന്റ് കൊണ്ടു വരാൻ വേണ്ടിയാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: ഈ 'ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിലുള്ള ആറാം വകുപ്പ് അതായത് ഓരോ പോലീസ് സ്റ്റേഷനിലും മതിയായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള വകുപ്പ്, അത് ഭാവിയിൽ ഉണ്ടാകുന്നതാണ്. അതിനുവേണ്ടി മെമ്മോറാണ്ടത്തിൽ ഏകദേശം 2,25,00,000 രൂപ പ്രതീക്ഷിക്കുന്നു എന്നാണ് പറയുന്നത്. ഭാവിയിൽ ഉണ്ടാകുന്ന ഒരു ബാധ്യതയാണിത്. ഭാവിയിൽ മതിയായ സൗകര്യങ്ങൾ പോലീസ് സ്റ്റേഷനിൽ ഉണ്ടാക്കുമ്പോൾ രണ്ടേകാൽ കോടി രൂപ വേണമെന്ന് പറഞ്ഞ് ഉൾപ്പെടുത്തിയ മന്ത്രി, എന്തുകൊണ്ടാണ് ഈ ട്രെയിനിംഗ് പിരീഡ് ഡ്യൂട്ടിയായി പരിഗണിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ഉൾക്കൊള്ളാതെ പോകുന്നത്? അത് ശരിയല്ല, അത് ഓർഡറിലല്ല. അദ്ദേഹം പറഞ്ഞതുപോലെയുള്ള ഒരു കോടതി വിധി ഉണ്ടായിരുന്നെങ്കിൽ ആ കോടതി വിധി സെലക്ട് കമ്മിറ്റി പരിശോധന സമയത്ത് പരിഗണിക്കാമായിരുന്നു. അത് ഉന്നയിച്ചില്ല. ഇന്ന് വളരെ വൈകി ഉന്നയിക്കുമ്പോൾ ഈ മതിയായ സൗകര്യങ്ങൾ പോലീസ് സ്റ്റേഷനിൽ ഉണ്ടാക്കുന്നതിനുവേണ്ടി രണ്ടേകാൽ കോടി രൂപ, അതുപോലെ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മറ്റ് ആവശ്യങ്ങൾക്കായി ഒരു കോടി രൂപ, ഇതെല്ലാം വകകൊള്ളിക്കുമ്പോൾ അതിന് സമാനമായി ഈ ട്രെയിനിംഗ് പിരീഡ് ഡ്യൂട്ടിയാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഗണിക്കേണ്ടതായിരുന്നു. അങ്ങനെ പരിഗണിക്കാത്തത് ഓർഡറിലല്ല. അതുകൊണ്ട് ഈ സഭ പിരിയുന്നതിനുമുമ്പെങ്കിലും ഇതിന്റെ ബാധ്യത കണക്കാക്കി അദ്ദേഹം സഭയെ അറിയിക്കണം.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: ഞാൻ ഇതുസംബന്ധിച്ച് പരിശോധിച്ച് നിയമ വകുപ്പുമായി ഡിസ്ക്കസ് ചെയ്ത ഒരു ഇഷ്യൂവാണ്. ഇതുസംബന്ധിച്ച മറ്റു കാര്യങ്ങളൊക്കെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കണ്ടതാണ്. പക്ഷേ, ഭാവിൽ നമുക്കിത് ഉൾപ്പെടുത്തണമെങ്കിൽ, റൂൾസ് ഉണ്ടാക്കണമെങ്കിൽ ഇങ്ങനെയൊരു പ്രൊവിഷൻ കൊടുക്കണം എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ കൊണ്ടുവരാൻ തീരുമാനിച്ചത്.

മി. സ്പീക്കർ: സെലക്ട് കമ്മിറ്റിയിൽ ഇത് ചർച്ച ചെയ്തിട്ടില്ലേ?

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: സെലക്ട് കമ്മിറ്റിയിൽ ഈ പ്രശ്നം പ്രത്യേകമായി ചർച്ചചെയ്യപ്പെട്ടിട്ടില്ല. പിന്നീട് ഇതുസംബന്ധിച്ച് ചർച്ച ചെയ്തപ്പോഴാണ് ഭാവിയിൽ റൂൾസിൽ ഇങ്ങനെ കൊണ്ടുവരണമെങ്കിൽ ഇത് വേണ്ടേ എന്നൊരു പ്രശ്നം വന്നതുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചത്.

ശ്രീ. കെ. സി. ജോസഫ്: ഭാവിയിൽ ചെലവുണ്ടാവില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾസ് പ്രകാരം വന്നാൽ ചെലവുണ്ടാകും. റൂൾസ് വരുന്ന സമയത്താണ് അതുസംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പരിശോധിക്കേണ്ടി വരുന്നത്. അങ്ങനെയൊരു റൂൾസ് ഉണ്ടാക്കുവാനുള്ള അധികാരം കൊടുക്കുകയാണ് ചെയ്യുന്നത്.

റൂളിംഗ്

മി. സ്പീക്കർ: അധിക സാമ്പത്തിക ബാധ്യത വരികയാണെങ്കിൽ തീർച്ചയായിട്ടും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതായിരുന്നു. ഇനി ബഹുമാനപ്പെട്ട മന്ത്രി. അങ്ങേക്ക് ബില്ലിനെപ്പറ്റി സംസാരിക്കാം.

നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ നിയമനിർമ്മാണത്തിന് വളരെയധികം പ്രത്യേകതകളുണ്ട് എന്നാണ് ഇതുസംബന്ധിച്ച് ആദ്യമായി സൂചിപ്പിക്കുവാനുള്ളത്. 1861-ലെ പോലീസ് ആക്ടാണ് നമ്മുടെ രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്നത്. അതിനെ അടിസ്ഥാനമാക്കിയാണ് 1960-ൽ ഇവിടെ കേരള പോലീസ് ആക്ട് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഇന്ത്യയിലെ പോലീസ് ഭരണ സംവിധാനം സംബന്ധിച്ച് പല സന്ദർഭത്തിലും പരിശോധനയ്ക്ക് വിധേയമായതാണ്. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെത്തുടർന്നാണ് ഒരു പോലീസ് നിയമമുണ്ടാക്കണമെന്നുള്ള പ്രശ്നം ബ്രിട്ടീഷ് ഗവൺമെന്റ് തന്നെ ചിന്തിക്കാൻ തുടങ്ങിയത്. 1858-ൽ വിക്ടോറിയ രാജ്ഞി ഇന്ത്യയുടെ ഭരണം ഏറ്റെടുത്തതിനെത്തുടർന്ന് പോലീസ് നിയമം പരിഷ്കരിക്കുന്നതിനുവേണ്ടി 1860-ൽ ഒരു കമ്മീഷനെ നിയമച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1861-ൽ പോലീസ് ആക്ട് തയ്യാറാക്കിയത്. അതിനുമുമ്പ് നമ്മുടെ രാജ്യത്തിന്റെ ഭരണം നടത്തിയിരുന്നത് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ പട്ടാളക്കാരായിരുന്നു. അത് പോലീസിംഗിന് സഹായകരമല്ല എന്ന് കണ്ടു കൊണ്ടാണ് 1861-ലെ പോലീസ് ആക്ട് രൂപം കൊണ്ടത്. തുടർന്ന് ബ്രിട്ടീഷ് ഭരണം തന്നെ പോയി, സ്വതന്ത്ര ഇന്ത്യ വന്നു, സംസ്ഥാനങ്ങൾ രൂപംകൊണ്ടു. ക്രമസമാധാനപാലനം സംസ്ഥാനത്തിന്റെ ചുമതലയായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലാദ്യമായി പോലീസിലെ പരിഷ്കരണത്തെക്കുറിച്ച് ചിന്തിച്ച ഒരു സംസ്ഥാന ഗവൺമെന്റ് ആദ്യത്തെ കേരളാ ഗവൺമെന്റായ ഇ.എം.എസ്. മന്ത്രിസഭയാണ്. ഇ.എം.എസ്. ഗവൺമെന്റ് 1959-ൽ രൂപീകരിച്ച എൻ.സി.ചാറ്റർജി കമ്മീഷൻ പിന്നീട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇന്ത്യയിൽ അടിയന്തിരാവസ്ഥയ്ക്ക് ശേഷം മൊറാർജി ദേശായി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ധർമ്മ വീരാ കമ്മീഷനെ നിയമിക്കുന്നത്. റിട്ടയേർഡ് ഐ.സി.എസ്. ഉദ്യോഗസ്ഥനായ ധർമ്മവീര ചെയർമാനായിട്ടുള്ള കമ്മീഷനാണ് ഇന്ത്യയിലാദ്യമായി പോലീസ് പരിഷ്കരണത്തെക്കുറിച്ച് ദേശീയതലത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചത്. വേണ്ടത്ര പരിഷ്കരണങ്ങൾ നടന്നില്ല എന്നതാണ് വസ്തുത. ഇതിനെത്തുടർന്ന് 1997-ൽ ഇന്ദ്രജിത് ഗുപ്ത കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായ സന്ദർഭത്തിൽ അദ്ദേഹം എല്ലാ സംസ്ഥാനങ്ങൾക്കും പോലീസ് നിയമപരിഷ്കരണം സംബന്ധിച്ച് ഒരു കത്തയയ്ക്കുകയുണ്ടായി. ആ കത്തിൽ അദ്ദേഹം അന്ന് പറഞ്ഞ കാര്യം ഇപ്പോൾ സുപ്രീം കോടതി വിധിയിലേക്ക് എത്തിയ സന്ദർഭത്തിൽ നാം

LIBRARY ARCHIVES Kerala Legislative Assembly